

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.**-691001**

ഇ-മെയിൽ**: doklm.ksad@kerala.gov.in**
ഫോൺ **: 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ . കെ എൽ എം . പി.12/1894/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/10/2024
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ . കെ എൽ എം . പി.12/1894/24 തീയ്യതി: 18/10/2024

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	23-09-2024	01-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2024	01-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അജ്മൽ എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺകുമാർ എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയകുമാരി അമ്മ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാകേഷ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുജാ സുരേന്ദ്രൻ	പ്രസിഡന്റ്	01-04-2023	30-06-2023
ശ്രീ ടി ആർ ഷൗക്കത്ത് (വൈസ് പ്രസിഡന്റ് - പ്രസിഡന്റ് ഇൻ ചാർജ്)	പ്രസിഡന്റ്	01-07-2023	25-07-2023
ശ്രീമതി.ആര്യാ ലാൽ	പ്രസിഡന്റ്	26-07-2023	31-03-2024
ശ്രീമതി സബിദ.യു	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സോഫിയ.ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	20-07-2023
ശ്രീ കെ ജയസിംഹൻ	അസിസ്റ്റന്റ് സെക്രട്ടറി	21-07-2023	20-01-2024
ശ്രീ ബിനുമോൻ എൻ	അസിസ്റ്റന്റ് സെക്രട്ടറി	21-01-2024	31-03-2024
ശ്രീ.സുനിൽകുമാർ.പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	18-07-2023
ശ്രീ സൽമാൻ ജെ എസ്	അസിസ്റ്റന്റ് എഞ്ചിനിയർ	19-07-2023	31-03-2024
ഡോ.നായർ ഇന്ദിര ജനാർദ്ധനൻ	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ. സുരേഷ് ബി	കൃഷി ഓഫീസർ ഇൻ ചാർജ്	01-04-2023	01-09-2023
ശ്രീമതി.കൃഷ്ണ	കൃഷി ഓഫീസർ	02-09-2023	31-03-2024
ഡോ.എലിസബത്ത് എബ്രഹാം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	15-09-2023
ഡോ.ഷെമീർ സലാം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	16-09-2023	31-03-2024
ഡോ.സുനിതകുമാരി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	31-03-2024
ഡോ.ശ്യാമകൃഷ്ണൻ	മെഡിക്കൽ ഓഫീസർ-ആയൂർവേദം	01-04-2023	30-06-2023
ഡോ.ജയ പി ആർ	മെഡിക്കൽ ഓഫീസർ-ആയൂർവേദം	01-07-2023	06-08-2023
ഡോ.മനേഷ് കുമാർ ഇ	മെഡിക്കൽ ഓഫീസർ-ആയൂർവേദം	07-08-2023	31-03-2024
ശ്രീമതി നജീമ.എൻ	വി.ഇ.ഒ അറയ്ക്കൽ	01-04-2023	17-09-2023
ശ്രീ ചന്ദ്രപ്പൻ	വി.ഇ.ഒ അറയ്ക്കൽ	18-09-2023	22-01-2024
ശ്രീമതി ബിന്ദു ആർ	വി.ഇ.ഒ അറയ്ക്കൽ	23-01-2024	31-03-2024

ശ്രീ.ശംഭു എസ് ആർ	വി.ഇ.ഒ. ഇടമുളയ്ക്കൽ	01-04-2023	31-03-2024
ശ്രീ ശ്രീകുമാർ എസ്	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി കാർത്തിക	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി മഞ്ജു	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-2
4	പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല.	1-1-3
5	സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ഷീറ്റിൽ B-4, B-17 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ബാധ്യത തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-4
6	ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.	1-1-5
7	ഗ്രണഭോക്തൃവിഹിതം -ചെലവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	വരവു രജിസ്റ്ററുകളിൽ സംഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല	1-1-7
9	ലോണിനത്തിലുള്ള ചെലവ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-8
10	റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	വസ്തുനികുതി- പരിഷ്കരിച്ച നിരക്കുകൾ പ്രകാരമുള്ള തുക പൂർണ്ണമായും ഈടാക്കിയില്ല.	1-11
21	വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല.	1-12
22	റോഡ് കട്ടിംഗ് ചാർജ്- അപേക്ഷകരിൽ നിന്നും തുക ഈടാക്കിയില്ല.	1-13
23	തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പൂർണ്ണമായും ഈടാക്കിയില്ല.	1-14
24	കേരള മൈനർ മിനറൽ കൺസൂക്ഷൻ (ഭേദഗതി) റൂൾസ് -2023 പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.	1-15
25	തെരുവു വിളക്ക് പരിപാലനം- മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നില്ല	1-16
26	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായില്ല.	1-17
27	ലൈഫ് ഭവനപദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചില്ല.	1-18

28	വാഴക്കൃഷി വികസനം-മോണിറ്ററിംഗിന്റെ അഭാവം.	1-19
29	ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കോൺക്രീറ്റ് റോഡിൽ വീണ്ടും പദ്ധതി ആവിഷ്കരിച്ചു.-പ്രവൃത്തി ചെയ്യാതെ ക്രമക്കേട് നടത്തി	1-20
30	തനത് ആസ്തി നവീകരണത്തിനായി സംരക്ഷണ ഗ്രാന്റ്(റോഡിതരം) ഉപയോഗിച്ചു.	1-21
31	എംബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി അതേ അളവിൽ ചെയ്തിട്ടില്ല.	1-22
32	ബോണ്ട് സ്റ്റ്റോൺ ഉപയോഗിക്കാത്ത പ്രവൃത്തിക്ക് ബോണ്ട് സ്റ്റ്റോൺ ഉൾപ്പെട്ട നിരക്ക് നൽകി	1-23
33	തേനീച്ചക്കൃഷി വ്യാപനം-യൂണിറ്റ് കോസ്റ്റിന് അധികമായി തുക അനുവദിച്ചു.	1-24
34	സർക്കാർ ഉത്തരവ് പാലിക്കാതെ സ്റ്റാഫുകളെ നിയമിച്ച് വേതനം നൽകി.	1-25
35	മുൻകൂറായി തുക നൽകി-ലാബ് ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല.	1-26
36	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-27
37	ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകങ്ങൾ.	1-28
38	ഹരിത കർമ്മ സേന-അവലോകനം	1-29
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	തേനീച്ചക്കൃഷി വ്യാപനം-യൂണിറ്റ് കോസ്റ്റിന് അധികമായി തുക അനുവദിച്ചു.	3-1
2	ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കോൺക്രീറ്റ് റോഡിൽ വീണ്ടും പദ്ധതി ആവിഷ്കരിച്ചു.-പ്രവൃത്തി ചെയ്യാതെ ക്രമക്കേട് നടത്തി	3-2
3	എംബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി അതേ അളവിൽ ചെയ്തിട്ടില്ല.	3-3
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	അനുബന്ധപത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സക്ഷ്യപത്രം

1. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ **31.03.2024** ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2024** ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു**.**

സ്ഥലം-കൊല്ലം
തീയതി-**18/10/2024**

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

1-1-2 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന പദ്ധതിയുടെ ലോണിനത്തിൽ യഥാർത്ഥത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയല്ല, വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ലോൺ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നത്. 4,51,42,515/-രൂപ (മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക-3,12,76,223/-രൂപ, തൻവർഷ വരവ്-1,77,41,693/-രൂപ, ആകെ 4,90,17,916/-രൂപ, തൻവർഷം തിരിച്ചടച്ച തുക 38,75,401/-രൂപ) ലൈഫ് ലോണിനത്തിൽ വായ്പാ കുടിശ്ശിക നിലവിലുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 4,45,40,822/-രൂപയാണ്.

1-1-3 പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല.

ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-4 സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ഷീറ്റിൽ B-4, B-17 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ബാധ്യത തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി-4 പത്രിക പ്രകാരം സി.എഫ്.സി. ആകെ നീക്കിയിരിപ്പ് 11369106/-രൂപ (4465633+6903473) ആണ്. എന്നാൽ RP-40(b), B-17, ബാങ്ക് പത്രിക എന്നിവ പ്രകാരം നീക്കിയിരിപ്പ് തുക 11451207/-രൂപയാണ്.

1-1-5 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബാലൻസ് ഷീറ്റിൽ B-4 പത്രികയിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-6 ഗ്രണഭോക്തൃവിഹിതം -ചെലവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഗ്രണഭോക്തൃവിഹിതം ചെലവ് 637390/-രൂപയാണ്. വാർഷികധനകാര്യപത്രിക പ്രകാരം ചെലവ് 636810/-രൂപയാണ്.

1-1-7 വരവു രജിസ്റ്ററുകളിൽ സംഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ലേലം, വാടക, ലൈസൻസ്, തൊഴിൽനികുതി, വസ്തുനികുതി എന്നീ വരവു രജിസ്റ്ററുകളിൽ സംഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1-8 ലോണിനത്തിലുള്ള ചെലവ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ലോണിനത്തിലുള്ള ചെലവ് 2,28,76,710/-രൂപയും രജിസ്റ്റർ പ്രകാരം 1,98,16,710/-രൂപയുമാണ്.

1-1-9 റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.

RP-40(b) യിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.

TSB_Joint Venture(012)-17354/-രൂപ

TSB-OWN Fund(011)-613/-രൂപ

Covid-CFLTC STSB-2325/-രൂപ

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 29/03/2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 02/02/2024 ലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)

മുന്നിരിപ്പ്	7,84,23,264/-രൂപ
വരവ്	8,94,12,906/-രൂപ
ആകെ	16,78,36,170/-രൂപ
ചെലവ്	9,21,75,204/-രൂപ
നീക്കിയിരിപ്പ്	7,56,60,966/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	2,98,369/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	19,08,300/- രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	സി.ബി ₹
വികസന ഫണ്ട്-ജനറൽ	0	28906000/-	28906000/-	22490886/-	6415114/-
വികസന ഫണ്ട്-എസ്.സി.പി	0	11760000/-	11760000/-	9487467/-	2272533/-
മെയിന്റനൻസ്, റോഡ്	0	17347350/-	17347350/-	3223687/-	14123663/-
മെയിന്റനൻസ്, നോൺ-റോഡ്	0	9680600/-	9680600/-	6434448/-	3246152/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank)	3351407/-	3590000/-	6941407/-	4368538/-	2572869/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank)	6208110/-	4786000/- + 299599 (Interest)	11293709/-	2885212	8408497/-
സംസ്ഥാനാവിഷ്കൃത ഗ്രാന്റുകൾ					
ലൈഫ് സംസ്ഥാന വിഹിതം	11639195/-	6900000/-	18539195/-	11460000/-	7079195/-
എസ്.എസ്.എ.	1122731/-	62148/-	1184879/-	0	1184879/-
സാക്ഷരത	2211/-	0	2211/-	0	2211/-

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
എം.ജി.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ്	1839/-	1502983/-	1504822/-	1485832/-	18990/-
ICDS	489087/-	2374971/-	2864058/-	2200000/-	664058/-
TSC	7833750/-	90610/-	7924360/-	0	7924360/-
ഹെൽത്ത് ഗ്രാന്റ് – ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	297043/-	1203420/-	1500463/-	1312727/-	187736/-
ഹെൽത്ത് ഗ്രാന്റ് – (Towards Conversion Of PHC's And Sub Centres Into Health & Wellness Centre)	162284/-	487658/-	649942/-	512858/-	137084/-
ഹെൽത്ത് ഗ്രാന്റ് – (Towards Building Less Sub Centres-PHC's & CHC's)	0	2805500/-	2805500/-	0	2805500/-
ഹെൽത്ത് ഗ്രാന്റ്	0	1148/-	1148/-	1148/-	0
സ്വച്ച് ഭാരത് അഭിയാൻ	0	1369852/-	1369852/-	1369852/-	0
റൂറൽ ഹൗസിംഗ്	0	3933690/-	3933690/-	3933690/-	0
അദർ ലയബിലിറ്റീസ്	23181/-	0	23181/-	0	23181/-
Fund For Transfer Institutions _ Homoeo	0	500000/-	500000/-	0	500000/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
387	36,68,14,616/-	202	11,43,41,707/-	-	185	52.19%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MGNREGS A/C	1,839/-	1,50,29,83/-	15,04,822/-	14,85,832/-	18990/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	7,64,98,130/-	7,64,98,130/-	7,64,98,130/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക

	₹
കർഷകതൊഴിലാളി പെൻഷൻ	71,11,400/-
വിധവാ പെൻഷൻ	2,04,23,000/-
വാർദ്ധക്യകാല പെൻഷൻ	3,78,04,300/-
വികലാംഗ പെൻഷൻ	54,87,800/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	4,10,600/-
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	90,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/09/2024, 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 155,398/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS മുഖേന സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ധനകാര്യ സ്ഥിരം സമിതി പരിശോധിക്കുന്നുണ്ട്.
നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.
ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്. വസ്തുനികുതി പരിഷ്കരണം കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ സുതാര്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കാൻ വികസനകാര്യ സ്ഥിരംസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26-09-2013-മുതൽ 11-10-2013 വരെ	2008-09 മുതൽ 2012-13 വരെ	19-11-2013

1-11 വസ്തുനികുതി- പരിഷ്കരിച്ച നിരക്കുകൾ പ്രകാരമുള്ള തുക പൂർണ്ണമായും ഈടാക്കിയില്ല.

2023-24 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല. സ.ഉ.(അച്ചടി) നം25/2023/LSGD തീയതി 05/04/2023 ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൂടി തീരുമാനമെടുത്ത പരിഷ്കരിച്ച

നിരക്കിലുള്ള വസ്തുനികുതി നിരക്കുകൾ (ഉപയോഗക്രമം അനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ ഇവ നിശ്ചയിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ തുടർനടപടിയായി) 12/07/2023 ലെ 9(1) നമ്പർ തീരുമാന പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കി. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം 01-04-2023 മുതൽ ഈ വസ്തുനികുതി നിരക്കുകൾക്ക് പ്രബല്യമുണ്ടായിരുന്നു. എന്നാൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പുതുതായി വസ്തുനികുതി നിർണ്ണയിച്ച പല കെട്ടിടങ്ങളുടെയും വസ്തുനികുതി പഴയനിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2023-24 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതും, എന്നാൽ പഴയ നിരക്കിൽ നികുതി ഈടാക്കിയിട്ടുള്ളതുമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച്, കുടിശ്ശിക സഹിതം ഈടാക്കേണ്ടതും ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് അനേഷണം**-27/01.10.24**

1-12 വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ വാടക കുടിശ്ശിക നാളിതുവരെ പൂർണ്ണമായും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
1) ആയൂർ പബ്ലിക് മാർക്കറ്റിൽ ഉള്ള (പുതിയ കെട്ടിടം) റൂം നമ്പർ മൂന്ന് പ്രതിമാസം-5500/-രൂപ നിരക്കിൽ 2021-22 ൽ ലേലം കൊണ്ട ശ്രീ. മുഹമ്മദ് നിസാം, റഹ്മത്ത് മൻസിൽ എന്ന വ്യക്തി വാടക ഇനത്തിൽ 2021 ജൂൺ മാസം മുതൽ 2022 മാർച്ച് വരെ കുടിശ്ശിക വരുത്തി. കുടിശ്ശിക തുക അടവാക്കാൻ 07-10-22 ൽ നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കുകയോ, മുറി പൂട്ടി താക്കോൽ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തില്ല. മേൽപ്പറഞ്ഞ കടമുറി ഒഴിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കണമെന്ന് ധനകാര്യ സ്ഥിരം സമിതി പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്തു (08-12-22ലെ 1(5) നമ്പർ തീരുമാനം). ഇതേതുടർന്ന് 28-12-22 ന് വാടക കുടിശ്ശിക അടവാക്കാനും കടമുറി പൂട്ടി പഞ്ചായത്തിൽ താക്കോൽ തിരിച്ചേൽപ്പിക്കാനും നോട്ടീസ് നൽകിയെങ്കിലും വാടക കുടിശ്ശിക ഒടുക്കുകയോ താക്കോൽ പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്തില്ല. അതേത്തുടർന്ന് റൂം നമ്പർ മൂന്ന് 2023 ഫെബ്രുവരി 07 ന് പോലീസ് സാന്നിധ്യത്തിൽ പൂട്ടി സീൽ വെച്ചിട്ടുള്ളതാണ്. തുടർന്ന് 2021 ജൂൺ മുതൽ 2022 മാർച്ച് മാസം വരെയുള്ള വാടക കുടിശ്ശിക ഒടുക്ക് വരുത്തുകയും, 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ റൂം വാടക ഒടുക്കാതെ അനധികൃതമായി കൈവശം വയ്ക്കുകയും ചെയ്തു. ഇക്കാലയളവിലെ വാടക (ജി.എസ്.ടി.യും പിഴപ്പലിശയും ഉൾപ്പെടെ) നാളിതുവരെ ടി വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടില്ല.

2) ആയൂർ പബ്ലിക് മാർക്കറ്റിലുള്ള (പുതിയ കെട്ടിടം) റൂം നമ്പർ ഒന്ന് ലേലം കൊണ്ട പ്രസിഡന്റ്/സെക്രട്ടറി തേജസ് മൈക്രോ യൂണിറ്റ്, ആയൂർ എന്ന വ്യക്തി വാടകയിനത്തിൽ 2020 ഡിസംബർ മാസം മുതൽ 2022 മാർച്ച് വരെ കുടിശ്ശിക വരുത്തി (2020-21 ലെ വാടക 2,432/-രൂപ, 2021-22 ലെ വാടക 2,554/-രൂപ). വാടക കുടിശ്ശിക അടവാക്കുന്നതിന് 07-10-2022 ൽ നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കുകയോ മുറി പൂട്ടി താക്കോൽ പഞ്ചായത്തിനെ ഏൽപ്പിക്കുകയോ ചെയ്തില്ല. മേൽപ്പറഞ്ഞ കടമുറി പൂട്ടുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും (08-12-2022ലെ 1(5) നമ്പർ തീരുമാനം) 25-12-2022 ൽ വാടക കുടിശ്ശിക അടവാക്കാനും, കടമുറി പൂട്ടി പഞ്ചായത്തിൽ ഏൽപ്പിക്കുവാനും നോട്ടീസ് നൽകുകയും ചെയ്തെങ്കിലും ആയത് പാലിച്ചില്ല. തുടർന്ന് റൂം നമ്പർ ഒന്ന് പോലീസ് സാന്നിധ്യത്തിൽ 2023 ഫെബ്രുവരി 07 ന് പൂട്ടി സീൽ വെച്ചിട്ടുള്ളതാണ്. ഇതിനെ തുടർന്ന് 2020 ഡിസംബർ മുതൽ 2022 മാർച്ച് വരെ വാടക കുടിശ്ശിക വരുത്തുകയും 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ വാടക ഒടുക്കാതെ അനധികൃതമായി

കൈവശം വയ്ക്കുകയും ചെയ്യ. ഇക്കാലയളവിലെ വാടക (ജി.എസ്.ടി.യും പിഴപ്പലിശയും ഉൾപ്പെടെ) കണക്കാക്കി പ്രസിഡന്റ്/സെക്രട്ടറി (തേജസ് മൈക്രോ യൂണിറ്റ്) യിൽ നിന്നും ഈടാക്കിയിട്ടില്ല.
മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക, ജി.എസ്.ടി. ഇനങ്ങളിലെ കുടിശ്ശിക എന്നിവ നിയമാനുസൃത പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി **- 18/30.09.24**

1-13 റോഡ് കട്ടിംഗ് ചാർജ്- അപേക്ഷകരിൽ നിന്നും തുക ഈടാക്കിയില്ല.

2023-24 സാമ്പത്തിക വർഷം റോഡ് കട്ടിംഗിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട റോഡ് റീസ്റ്റോറേഷൻ ചാർജ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയില്ല.

1. കൈതക്കെട്ട് കോക്കാട് റോഡ്

A).Number Of Pits-10
Size Of Pits-1m X 1m
B). Length Of Trench-750m
Size Of Trench-0.4m X 1.65m
റിസ്റ്റോറേഷൻ ചാർജ് കണക്കാക്കേണ്ടത്

A. Area Of Pit- 10x1x1x1.5= 15m^2
Rate – 4777.21/M^2
Total Restoration Charge- 4777.21x15 = 71658/-രൂപ

B. Trench
Area Of Trench – 750x0.4x1.65x1.5 = 742.5 M^2
Rate – 4777.21/M^2
Total Restoration Charge- 4777.21x742.5 = 3547078.42/-രൂപ

2. മലമേൽ പാറ റോഡ്

A).Number Of Pits-10
Size Of Pits- 1m X 1m
B). Length Of Trench- 600 M
Size Of Trench- 0.4m X 1.65m
റിസ്റ്റോറേഷൻ ചാർജ് കണക്കാക്കേണ്ടത്

A. Area Of Pit- 10x1x1x1.5= 15m^2
Rate – 4777.21/M^2
Total Restoration Charge- 4777.21x15 = 71658/-രൂപ

B. Trench
Area Of Trench – 600x0.4x1.65x1.5 = 594 M^2
Rate – 4777.21/M^2
Total Restoration Charge- 4777.21x594 = 2837662.74/-രൂപ

മേൽ പരാമർശിച്ച റോഡ് കട്ടിംഗിനായി യാതൊരു തുകയും പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റോഡ് റിസ്റ്റോറേഷൻ ചാർജ് ഇനത്തിൽ നാളിതുവരെ തുക ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.കൂടാതെ വിഷയം ധനകാര്യസ്ഥിരം സമിതിയുടെയും, ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധയിൽപെടുത്തുകയും ചെയ്യുന്നു. റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ ലഭിക്കേണ്ട 65,28,057/-രൂപ ഈടാക്കി,

രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം**-26/01.10.24**

1-14 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പൂർണ്ണമായ ംം ഈടാക്കിയില്ല.

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഒടുക്കു വരുത്തിയിട്ടില്ല.

സ്ഥാപന തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട അർദ്ധവർഷം
1	കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ സർക്കിൾ	I & I I
2	റബ്ബർ ബോർഡ്, ആയൂർ	I & I I
3	ബി.എസ്.എൻ.എൽ, ആയൂർ	I & I I
4	സർവ്വീസ് സഹകരണ ബാങ്ക്, ആയൂർ	I & I I
5	ഇന്ത്യൻ ബാങ്ക്, ആയൂർ	I & I I
6	മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് ആയൂർ	I

ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട അർദ്ധവർഷം
1	ഇന്ത്യൻ ബാങ്ക്, ആയൂർ	I
2	സപ്ലൈകോ സൂപ്പർമാർക്കറ്റ്, തടിക്കാട്	I

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി – **19/30.09.24**

1-15 കേരള മൈനർ മിനറൽ കൺസ്യൂക്ഷൻ (ഭേദഗതി) റൂൾസ് -2023 പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.

2023 ലെ കേരള മിനറൽ കൺസഷൻ ഭേദഗതി റൂൾസ് പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി നൽകുന്ന പെർമിറ്റ് അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. അപേക്ഷ സമർപ്പിക്കുന്ന വേളയിൽ പ്രസ്തുത അപേക്ഷയോടൊപ്പം അംഗീകൃത പ്ലാൻ, ഒടുക്കിയ ഫീസ് എന്നിവ പ്രകാരമുള്ള മണ്ണ് മാത്രമാണ് കുഴിച്ചെടുത്ത് നീക്കം ചെയ്യുന്നത് എന്നും, അംഗീകൃത പ്ലാൻ പ്രകാരമുള്ള നിർമ്മാണം മാത്രമേ നടത്തുന്നുവെന്നും മൂവ്മെന്റ് പെർമിറ്റ് അനുവദിച്ച തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തി അപേക്ഷകൻ കരാറിൽ ഏർപ്പെടേണ്ടതുണ്ട്. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തേണ്ടതും, അളവിൽ അധികം മണ്ണ് നീക്കം ചെയ്യുന്ന വേളയിൽ അധികമായി കുഴിച്ചെടുത്ത മണ്ണിന്റെ പെർമിറ്റ് ഫീസ് കണക്കാക്കി അഞ്ചിരട്ടി തുക ഫൈൻ ഈടാക്കേണ്ടതാണ്. കൂടാതെ പെർമിറ്റ് എടുത്ത് ഒരു വർഷത്തിനകം നിർമ്മാണം ആരംഭിച്ചില്ല എങ്കിൽ പെർമിറ്റ് ഫീസിന്റെ അഞ്ചിരട്ടി ഫൈൻ

ഈടാക്കേണ്ടതാണ്. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച 19 അപേക്ഷകളിൽ പെർമിറ്റ് അനുവദിച്ച് കാലാവധി പൂർത്തിയായി എങ്കിലും തുടർനടപടികൾ കൈക്കൊണ്ടതായി കാണുന്നില്ല.
പ്രസ്തുത പെർമിറ്റുകളുടെ സ്ഥലപരിശോധന നടത്തി ക്രമവിരുദ്ധമായ മണ്ണ് നീക്കം ചെയ്യൽ നടക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും നിയമലംഘനം നടത്തുന്ന പക്ഷം പിഴ ചുമത്തേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം**-25/01.10.24**

1-16 തെരുവു വിളക്ക് പരിപാലനം- മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നില്ല

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പദ്ധതി	(നം. 11/24) തെരുവ് വിളക്ക് അറ്റകുറ്റ പണി-ഉപകരണങ്ങൾ വാങ്ങൽ അടങ്കൽ-750000/-രൂപ, (സി.എഫ്.സി 500000/-രൂപ, തനത് ഫണ്ട്-250000/-രൂപ ചെലവ്-742534/-രൂപ, (സി.എഫ്.സി 499794/-രൂപ, തനത് ഫണ്ട്-242740/-രൂപ)
പദ്ധതി	തെരുവ് വിളക്ക് പരിപാലനം-ലേബർചാർജ്, വാഹനവാടക അടങ്കൽ തുക-450000/-രൂപ(തനത് ഫണ്ട്) ചെലവ്-361176/-രൂപ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് ഏറ്റെടുത്ത പ്രസ്തുത പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. KSEB-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കു പകരം വാർഡ് മെമ്പർമാരിൽ നിന്നുള്ള കത്തുകളെ ആധാരമാക്കിയാണ് പരിപാലന പ്രവൃത്തികൾക്കായി തുക നൽകിയിരിക്കുന്നത്.

2) ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്ട് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും, തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും, കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് തെരുവ് വിളക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്നിവ എഴുതി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും, സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമാക്കുകയും, തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകുയറി നം **.-17/30.09.24**

1-17 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായ ം പ്രവർത്തനസജ്ജമായില്ല.

പ്രോജക്ട് നം-438/24

അടങ്കൽ-400000/-രൂപ (തനത് ഫണ്ട്-)

ചെലവ്-130425/-രൂപ (തനത് ഫണ്ട്)
ചെക്ക് നം -313825/26.3.24
സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹിരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ.കോഡ് പതിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം ആകെ 130425/-രൂപ ചെലവാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക്, നിലവിൽ 90 ശതമാനത്തോളം ക്യൂ.ആർ. കോഡ് പതിപ്പിച്ചിട്ടുള്ളതാണന്നും പദ്ധതി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്നും മറുപടി ലഭ്യമാക്കി.

പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം **–12/30.09.24**

1-18 ലൈഫ് ഭവനപദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കരാർ വച്ച് ഭവനനിർമ്മാണത്തിനുള്ള മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട്, പ്രോജക്ട് നമ്പർ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക	ബിൽ നമ്പർ
88/24 ഭവന നിർമ്മാണം-ലൈഫ് മിഷൻ 2020 ജനറൽ ആകെ അടങ്കൽ-4,40,00,000/-രൂപ ആകെ ചെലവ്-1,87,30,000/-രൂപ	1. കുഞ്ഞാപ്പി, വടക്കേവിളവീട്, പൊടിയാട്ടുവിള.വാർഡ്-1 2. പത്മിനി. പറങ്കിമാം വിളവീട് ഇടയംവാർഡ്-20 3. സജീവ്.ഡി., തെക്കേവിളവീട് പനച്ചവിള ഇടമുളയ്ക്കൽ വാർഡ്-7	40,000/-രൂപ 40,000/-രൂപ 40000/-രൂപ	(ഹഡ്കോ ലോൺ) 349/18.12.23 (ജില്ലാപഞ്ചായത്ത് ഷെയർ) 15/06.01.24 (ഹഡ്കോ ലോൺ) 558/11.03.24
ഭവന നിർമ്മാണം -ലൈഫ്	ഗീത	40,000/-രൂപ	(ഹഡ്കോ ലോൺ) 558/11.03.24

മിഷൻ 2020 എസ്.സി.പി 106/24 ആകെ അടങ്കൽ-4,11,56,500/-രൂപ ആകെ ചെലവ്-1,52,70,000/-രൂപ	ചാവരഴികത്ത് വീട് ഇടയം,		64/27.06.23

1-19 വാഴക്കൃഷി വികസനം-മോണിറ്ററിംഗിന്റെ അഭാവം.

പ്രോജക്ട് -ഏത്തവാഴക്കൃഷി വികസനം (38/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

അടങ്കൽ-1200000/-രൂപ (വികസനഫണ്ട്-ജനറൽ)

ചെലവ്-98700/-രൂപ (49800/-8/06.01.24, 48900/-9/06.01.24)

100 വാഴയിൽക്കുറയാതെ, 10 സെന്റ് സ്ഥലത്ത് സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുന്ന ചെറുകിട/നാമമാത്ര കർഷകർക്ക് ഒരു വാഴക്കന്നിന് 12/-രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ട് പ്രകാരം 98,700/-രൂപ ചെലവഴിച്ചിട്ടുണ്ട്.

വാഴക്കന്ന് വാങ്ങിയതിന്റെ വൗച്ചർ പ്രകാരമുള്ള തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കിയത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/22തസ്വഭവതീയതി.28.05.22 പ്രകാരം കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യേണ്ടതാണെന്നും കൃഷിവകുപ്പിന്റെ ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ VFPCK മുതലായ സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങണമെന്നും വ്യക്തമാക്കിയിരിക്കെ കർഷകൻ നേരിട്ട് വാങ്ങൽ നടത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിനായി നൽകിയ എൻകവയറിക്ക് മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് 30000/-രൂപ നിരക്കിൽ അനുവദിക്കാവുന്നതു പ്രകാരം ഒരു വാഴയ്ക്ക് 12/-രൂപ നിരക്കിൽ സബ്സിഡി നൽകിയതാണെന്നും വാഴക്കന്നുകൾ പരസ്പരം കൈമാറ്റം ചെയ്ത് വാങ്ങി നടുമ്പോൾ ആയതിന്റെ സബ്സിഡിയാണ് നൽകിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ വാഴക്കന്ന് വാങ്ങിയതിന്റെ വൗച്ചർ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയതല്ലാതെ കൃഷി ചെയ്തിട്ടുണ്ടെന്നതു സംബന്ധിച്ച കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നത് മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതും, പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് മാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

എൻകവയറി നം **.-3/25.09.24**

1-20 ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കോൺക്രീറ്റ് റോഡിൽ വീണ്ടും പദ്ധതി ആവിഷ്കരിച്ചു.-പ്രവൃത്തി ചെയ്യാതെ ക്രമക്കേട് നടത്തി

പ്രവൃത്തി-തെങ്ങുവിള കപ്പൂച്ചിയൻ ആശ്രമം റോഡ് (വാർഡ് -9)

പ്രോജക്ട് നമ്പർ-178/,So 312/24

അടങ്കൽ തുക-5,00,000/-രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്)

കരാർ-77/Ae/LSGD/EDML/22-23, 21-02-2023

കരാറുകാരൻ-ശ്രീ. എസ്സ്. നിസ്സാറുദ്ദീൻ

കരാർ തുക-3,48,103/-രൂപ

ഇ-എം ബുക്ക്-ഇ ബി/27743/2022

തെങ്ങുവിള കപ്പച്ചിയൻ ആശ്രമം റോഡ് എന്ന മരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി ചെയ്യാതെ മറ്റൊരു പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്ത് ചെയ്ത പ്രവൃത്തിയുടെ പേരിൽ വ്യാജ രേഖ ചമച്ച് തുക പിൻവലിച്ച് ക്രമക്കേട് നടത്തി.

2022-23 ൽ ആരംഭിച്ച് 2023-24 ൽ പൂർത്തീകരിച്ച് അന്തിമബിൽ നല്കിയിട്ടുള്ള പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 2022-23 സാമ്പത്തിക വർഷത്തിലും, അന്തിമബിൽ 2023-24 സാമ്പത്തിക വർഷത്തിലും ആണ് നല്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം 4 ഇനം പ്രവൃത്തികളുള്ള ടി പ്രവൃത്തിയുടെ ആദ്യ 3 ഇനം പ്രവൃത്തി ചെയ്തിനുള്ള തുക ഒന്നാം ഭാഗിക ബിൽ പ്രകാരവും നാലാമത്തെ ഇനം ചെയ്തതിനുള്ള തുക അന്തിമ ബിൽ പ്രകാരവും കരാറുകാരന് നല്കി.

എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കേണ്ടത് കുരിശ്ശുംമൂട് കാഞ്ഞിരംമുക്ക് റോഡിൽനിന്നും പ്രവേശിക്കുന്ന റോഡിൽ നിലവിലുള്ള 60 മീ റോഡ് കഴിഞ്ഞുവരുന്ന ഭാഗത്ത് 7 മീ. റോഡ് കോൺക്രീറ്റ് ചെയ്യുക, തുടർന്ന് 4 മീ. നീളത്തിൽ ചപ്പാത്ത് നിർമ്മിക്കുക, തുടർന്നുള്ളഭാഗം 40 മീ. നീളത്തിൽ റീ കോൺക്രീറ്റ് ചെയ്യുക, വീണ്ടും 4 മീ നീളത്തിൽ ചപ്പാത്ത് നിർമ്മിക്കുക, തുടർന്ന് ചെയിനേജ് 0/115 മുതൽ 0/171 വരെ ഇന്റർലോക്ക് ചെയ്യുക എന്നിവയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിലെല്ലാം (എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ഇ എം ബുക്ക്, മുതലായവ) പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതും മേൽപറഞ്ഞ പ്രകാരമാണ്.

പ്രവൃത്തി സംബന്ധിച്ച സ്ഥല പരിശോധന 27-09-2024 ൽ നിലവിലെ അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ ഇനം 4 ആയി ഉൾപ്പെട്ടിട്ടുള്ള ഇന്റർലോക്ക് പ്രവൃത്തി നടത്തിയിട്ടുള്ളതും ബോദ്ധ്യപ്പെട്ടു.

നിലവിൽ കോൺക്രീറ്റ് റോഡ് നിലനിൽക്കുന്ന പ്രദേശത്താണ് പ്രവൃത്തി ചെയ്തതായി കാണിച്ച് രേഖകൾ തയ്യാറാക്കി ബിൽപ്രകാരം തുക നല്കിയിട്ടുള്ളത്. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നിർമ്മിച്ച റോഡിലാണ് പ്രവൃത്തി ചെയ്തതായി കാണിച്ച് വ്യാജ രേഖകൾ ഉണ്ടാക്കിയിട്ടുള്ളത്. കപ്പച്ചിയൻ ആശ്രമം റോഡ് കോൺക്രീറ്റ് പ്രവൃത്തി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി	ആനപ്പുഴയ്ക്കൽ എൽപിഎസ്-കപ്പച്ചിൻ ആശ്രമം റോഡ്
ഫയൽ നം.	D 861/2020/MLASDF(1)
അടങ്കൽ തുക	6,00,000/-രൂപ (എം എൽ എ എസ് ഡി എഫ്(2020-21)
കരാറുകാരൻ	ശ്രീ. എസ്. നിസ്സാറുദ്ദീൻ
കരാർ	31/2020/MLASDF Lr 23-01-2021
പ്രവൃത്തി പൂർത്തിയാക്കിയ തീയതി	19-03-2021
ബിൽ വിവരം	പ്രവൃത്തി മൂല്യം-3,99,799/-രൂപ

	ജി.എസ്.ടി-47997/-രൂപ ആകെ-4,47,976/-രൂപ

എം എൽ എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നിർമ്മിച്ച് 19-03-2021 ൽ പൂർത്തീകരിച്ച റോഡിൽ വീണ്ടും പ്രവൃത്തി ചെയ്തതായി കാണിച്ച് എം-ബുക്കും, ബില്ലും തയ്യാറാക്കിയാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്. ടി രണ്ട പ്രവൃത്തികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയർ ശ്രീ. പി. സുനിൽ കുമാറും, കരാറുകാരൻ. ശ്രീ. എസ്. നിസ്സാറുദ്ദീനും ആണ്.

ഒന്നാം ഭാഗിക ബിൽ പ്രകാരം നിർവ്വഹിച്ചതായി കാണിച്ചിട്ടുള്ള പ്രവൃത്തിയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.(ഇ-എം.ബുക്ക് നം 27749/20220 ലെ വിവരങ്ങൾ)

ക്ര. നം	കോഡ്	പ്രവൃത്തി വിവരം
1.001	3-2	Preparation Of Foundation For Embackmentexisting Bituminous Surface Depth 150mm--- Etc 3.09 Cum
1.002	11.1.1.1	For Chappath Earth Work 2-Nos-4.86 Cum
1.003	75.8.1.1	Providing Plain Re Inforcement-26.01 Cum

ഒന്നാം ഭാഗിക ബിൽ വിവരം താഴെ കൊടുക്കുന്നു

പ്രവൃത്തി മൂല്യം	186124/-രൂപ
ജി.എസ്.ടി	33,502/-രൂപ
ആകെ	2,19,626/-രൂപ
(-)റീ -ടെൻഷൻ	4653/-രൂപ
(-)ഐ ടി	1861/-രൂപ
(-) ജി.എസ്.ടി	3722/-രൂപ
കരാറുകാരന് നല്കിയ തുക	2,07,527/-രൂപ
ബിൽ വിവരം	BRN-22040752014501539738/28-03-2023

പ്രവൃത്തിയുടെ അന്തിമ ബിൽ വിവരം താഴെ ചേർക്കുന്നു.

അന്തിമ ബിൽ തുക- 190859/-രൂപ

കരാറുകാരന് നല്കിയിട്ടുള്ള തുക-1,83,692/-രൂപ

ബിൽ നം-BRN-23040752014500780440/23-09-2023

ക്രമക്കേടുകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി (നം 9, തീയതി 30-09-2024), സ്ഥല പരിശോധനാ റിപ്പോർട്ട് എന്നിവ നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തി, ചെയ്തതായി കാണിച്ച് എം-ബുക്ക്, ഒന്നാം ഭാഗിക ബിൽ എന്നിവ പ്രകാരം പിൻവലിച്ചിട്ടുള്ള 2,19,626/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒന്നാം ഭാഗിക ബിൽ നല്കിയിട്ടുള്ള അസി.എഞ്ചിനീയർ, ശ്രീ. പി. സുനിൽ കുമാറിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (പ്രവൃത്തി പൂർത്തീകരിച്ച് അന്തിമബിൽ നൽകിയ 2023-24 സാമ്പത്തിക വർഷത്തിലെ പരിശോധനാ വേളയിലാണ് ഫയൽ പരിശോധിച്ചിട്ടുള്ളത്)

വ്യാജ രേഖകൾ നിർമ്മിച്ച് ചെയ്യാത്ത പ്രവൃത്തി ചെയ്തതായി കാണിച്ച് തുക പിൻവലിച്ചതു സംബന്ധിച്ചും, ഇതിൽ അസി.എഞ്ചിനീയർ ശ്രീ. പി സുനിൽ കുമാർ, കരാറുകാരൻ ശ്രീ. നിസ്സാറുദ്ദീൻ

എന്നിവർക്കെതിരേയും വകുപ്പു തലത്തിലും, സംസ്ഥാന വിജിലൻസ് സംവിധാനം ഉപയോഗിച്ചുമുള്ള തുടരന്വേഷണത്തിനും, നടപടികൾക്കും ശിപാർശ ചെയ്യുകയും ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണം നം **-9/30.09.2024**

നിരാകരിച്ച തുക- **2,19,626/-**രൂപ

1-21 തനത് ആസ്തി നവീകരണത്തിനായി സംരക്ഷണ ഗ്രാന്റ്(റോഡിതരം) ഉപയോഗിച്ച .:

തനത് ആസ്തി വികസനത്തിന് സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഉപയോഗിക്കുവാൻ പാടില്ലെന്ന് താഴെ കൊടുത്തിട്ടുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്.

1)G.O (MS)116/22/LSGD/; 01-06-2022
2)G.O (MS)118/22/LSGD/; 04-06-2022
3)G.O (MS)84/22/LSGD/; 19-04-2022, ഖ 6.8.8

4)G.O (MS)90/23/LSGD/; 09-04-2023
എന്നാൽ സംരക്ഷണ ഗ്രാന്റ് (റോഡിതരം) തനത് ആസ്തി വികസനത്തിന് ഉപയോഗിക്കുവാൻ പാടില്ലെന്ന ഉത്തരവുകൾ നിലനിൽക്കുമ്പോൾത്തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിയോജനത്തെ മറികടന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 01-01-2024 ലെ തീരുമാനം നമ്പർ (2) പ്രകാരം സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തി-പെരിങ്ങള്ളൂർ വിപണന കേന്ദ്രം നവീകരണം (284/24)

അടങ്കൽ തുക-5,00,000/-രൂപ (സംരക്ഷണ ഗ്രാന്റ് (റോഡിതരം)-3,00,000/-രൂപ, വികസന ഫണ്ട്-2,00,000/-രൂപ)

പ്രവൃത്തിക്കായി സംരക്ഷണ ഗ്രാന്റ് (റോഡിതരം)-3,00,000/-രൂപ ചെലവഴിച്ചു

BRN-23040752014501129729 8/29-02-24
2) പ്രവൃത്തി-ആയൂർ ബസ് സ്റ്റാൻഡ് നവീകരണം (290/24)

അടങ്കൽ തുക-18,00,000/-രൂപ (സംരക്ഷണ ഗ്രാന്റ് (റോഡിതരം)

പ്രവൃത്തിക്കായി 2023-24 സാമ്പത്തിക വർഷം സംരക്ഷണ ഗ്രാന്റ് (റോഡിതരം)-7,55,899/-രൂപ ചെലവഴിച്ചു.

BRN-24040752014500559411/19-08-24
സർക്കാർ ഉത്തരവുകളേയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിയോജനത്തേയും മറികടന്ന് സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് തന്നെ പ്രവൃത്തി നടത്തണമെന്ന് തീരുമാനമെടുത്തത് തെറ്റായ നടപടിയാണ്. നിലവിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് മാതൃക കാണിക്കേണ്ട പഞ്ചായത്ത് കമ്മറ്റി നിയമവിരുദ്ധമായ തീരുമാനമെടുത്ത് ജനങ്ങൾക്ക് തെറ്റായ സന്ദേശം നല്കുന്നത് അനുചിതമായ നടപടിയായി വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 എംബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി അതേ അളവിൽ ചെയ്തിട്ടില്ല. -

പ്രവൃത്തി-പെരിങ്ങള്ളൂർ വിപണന കേന്ദ്രം (137/23,284/24)

അടങ്കൽ തുക-5,00,000/-രൂപ, (3,00,000/-രൂപ സംരക്ഷണ ഗ്രാന്റ് (റോഡിതരം)-2,00,000/-രൂപ

വികസനഫണ്ട്)

കരാറുകാരൻ-ശ്രീ. നിസ്സാറുദ്ദീൻ

കരാർ-04/AE/LSGD/EDML/23-24,13-06-2023

ഇ-എം.ബുക്ക്-52098/22

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയായ പെരിങ്ങല്ലൂർ വിപണന കേന്ദ്രം നവീകരിച്ച് സ്റ്റീൽ ട്യൂബുലർ പ്രവൃത്തി ചെയ്ത് വിപണന കേന്ദ്രത്തിന്റെ പുറകിലുള്ള സ്ഥലം വിപുലപ്പെടുത്തുന്നതിനുള്ളതാണ് പ്രസ്തുത പ്രവൃത്തി. ടി പ്രവൃത്തിയുടെ സ്ഥലപരിശോധന നിലവിലുള്ള അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 25-09-2024 ൽ നടത്തിയതിൽ എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ കുറഞ്ഞ അളവിലാണ് 1.004 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തി. വിശദവിവരം താഴെ ചേർക്കുന്നു.

എം ബുക്ക് പ്രകാരം 80x40 എംഎം ട്യൂബുകൾ 5.9 മീറ്റർ നീളമുള്ളത് 12 എണ്ണവും, 7.2 മീറ്റർ നീളമുള്ളത് 6 എണ്ണവും സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 5.9 മീറ്റർ നീളമുള്ള 4 ട്യൂബുകളും, 7.2 മീറ്റർ നീളമുള്ള 3 ട്യൂബുകളും സ്ഥാപിച്ചിട്ടില്ലെന്ന് കണ്ടെത്തി. കുറവായി കണ്ടെത്തിയതിന്റെ തൂക്കം താഴെ കൊടുക്കുന്നു.

അളവ്	എണ്ണം	നീളം		തൂക്കം
80x40 M.M	04	5.9	2.19	51.684 Kg
80x40 M.M	03	7.2	2.19	47.304 Kg
			ആകെ	**98.988 Kg**

എം ബുക്ക് പ്രകാരം 1.004 ഇനം 722.968 കി.ഗ്രാം അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 98.988 Kg ട്യൂബുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ കരാറുകാരന് 98.988 Kg യുടെ തുക അധികം നല്കി. കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള 132 /Kg നിരക്കിൽ കണക്കാക്കുമ്പോൾ താഴെ കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

അളവ്	തുക
132 *98.988	13,066/-രൂപ
ജി.എസ് ടി 18 %	2352/-രൂപ
ആകെ	**15,418/-**രൂപ

അധികം നല്കിയ 15,418/-രൂപ നിരാകരിക്കുന്നു

ബിൽ വിവരം

BRN 23040752014501297298/ 29-02-2024	3,00,000/-രൂപ
BRN 23040752014501489096/24-03-2024	1,22,022/-രൂപ
ആകെ	**4,22,022/-**രൂപ

അധികം നല്കിയ 15,418/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം**-10/29.09.2024**

നിരാകരിച്ച തുക**-15,418/-**രൂപ

1-23 ബോണ്ട് സ്റ്റ്റോൺ ഉപയോഗിക്കാത്ത പ്രവൃത്തിക്ക് ബോണ്ട് സ്റ്റ്റോൺ ഉൾപ്പെട്ട നിരക്ക് നൽകി

പ്രവൃത്തി-കുരുവിക്കുന്ന് അംഗനവാടി റോഡ് പുനരുദ്ധാരണം-(301/24)

അടങ്കൽ തുക-6,00,000/-രൂപ, (494669/-രൂപ വികസന ഫണ്ട് (എസ് സി പി)108331/-രൂപ തനത് ഫണ്ട്)

കരാറുകാരൻ-ശ്രീ. പി. ഷാജഹാൻ

കരാർ-48/Ae/LSGD/EDML/07-01-2023

കുരുവിക്കുന്ന് എസ്സ്.സി കോളനി നിവാസികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് റോഡ് കോൺക്രീറ്റും റാമ്പ്, പാർശ്വഭിത്തി എന്നിവ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രവൃത്തിയിൽ പാർശ്വഭിത്തിയിൽ ബോണ്ട് സ്റ്റ്റോൺ ഉൾപ്പെടുന്ന 75-7-1 എന്ന ഇനമാണ് എസ്റ്റിമേറ്റിലും ഇ എം ബുക്കിലും ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 30-09-2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ Super Structure ൽ ബോണ്ട് സ്റ്റ്റോൺ ഉപയോഗിച്ചതായി കണ്ടെത്തുവാൻ കഴിഞ്ഞില്ല.

ബോണ്ട് സ്റ്റ്റോൺ ഉൾപ്പെടുത്തി ഫൌണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ എന്നിവ കൂടുതൽ ബലപ്പെടുത്തുന്നതിനായിട്ടാണ് 75.7.1 എന്ന ഇനം ഉൾപ്പെടുത്തുന്നത്. 1 Cum ഡി.ആർ പ്രവൃത്തിയിൽ 0.16 Cum ബോണ്ട് സ്റ്റ്റോൺ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബോണ്ട് സ്റ്റ്റോണിന്റെ വിവരം താഴെ ചേർക്കുന്നു.
ഇനം 75-7.1

എസ്റ്റിമേറ്റ് പ്രകാരം		കരാർ പ്രകാരം		അളവ് പുസ്തക പ്രകാരം	
നിരക്ക്(രൂപ)	അളവ്	നിരക്ക്(രൂപ)	അളവ്	നിരക്ക്(രൂപ)	അളവ്
6025.28	39.35	5061.24	39.35	5061.24	30.667

നൽകിയ തുക-1,55,213/-രൂപ (5016.24x30.667)

ബോണ്ട് സ്റ്റ്റോൺ ഉപയോഗിക്കാത്ത പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ കോഡ് 00425375/23-24 പ്രകാരമുള്ള നിരക്ക് 3705.67/-രൂപ ആണ്. ഇതുപ്രകാരം 30.667 Cum ന് അനുവദനീയ തുക (30.6678*3705.67) 113642/-രൂപയാണ്. ബോണ്ട് സ്റ്റ്റോൺ ഉപയോഗിച്ചില്ലെങ്കിൽ 41571/-രൂപ (ജി എസ് ടി ഉൾപ്പെടാതെ)അധികമായി ചെലവു ചെയ്തു.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം-20,തീയതി 30-09-2024) DR Mansory ഏകദേശം 2 മീറ്റർ ഉയരം വരുന്നതിനാൽ അടി ഭാഗത്ത് 1-3 മീറ്റർ വീതി കാണപ്പെടുന്നു, ആ ഭാഗത്തുള്ള ബോണ്ട് സ്റ്റ്റോൺ ഉള്ളിലാണെന്നും, ആവശ്യപ്പെടുന്നപക്ഷം ഇളക്കിമാറ്റിയാൽ കാണാവുന്നതാണെന്നും മറുപടി നല്കി. മറുപടിയിൽ പറയുന്ന പ്രകാരമുള്ള വസ്തുതകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയ്ക്കായി ശിപാർശ ചെയ്യുന്നു. ഭരണവകുപ്പ് തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി-നം **-20/30.09.2024**

1-24 തേനീച്ചക്കൃഷി വ്യാപനം-യൂണിറ്റ് കോസ്റ്റിന് അധികമായി തുക അനുവദിച്ചു:

പ്രോജക്ട്–തേനീച്ചക്കൃഷി വ്യാപനം (36/24)

അടങ്കൽ തുക-3,58,825/-രൂപ (വികസനഫണ്ട്-1,90,000/-രൂപ)

(ഗുണഭോക്തൃവിഹിതം-1,68,825/-രൂപ)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ചെലവ് -20200/-രൂപ, (ബിൽ നം.2/06.12.23)

168825/-രൂപ (ബിൽ നം.6/18.03.24)

168825/-രൂപ (ചെക്ക് നം.321163/17.01.24)

തേനീച്ചക്കൃഷി വ്യാപനം എന്ന പ്രോജക്ട് പ്രകാരം യൂണിറ്റ് കോസ്റ്റിന് അധികമായി സബ്സിഡി അനുവദിച്ചു.

50% സബ്സിഡിയിൽ തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും നൽകുന്ന പ്രോജക്ട് പ്രകാരം ആകെ 357850/-രൂപ ചെലവഴിച്ചു. 2 ദിവസത്തെ പരിശീലനം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 20200/-രൂപയും, 176 സെറ്റ് തേനീച്ചയും, കൂടും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 168825/-രൂപ ഉൾപ്പെടെ 189025/-രൂപ വികസനഫണ്ടും, 168825/-രൂപ ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചു.

RSG Bee Keeping & Training Centre എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് നം.23/22.12.23 പ്രകാരമുള്ള 337650/-രൂപയുടെ 50% തുകയായ 168825/-രൂപയാണ് വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. ആയതു പ്രകാരം ചുവടെപ്പറയുന്ന ഇനങ്ങൾ വാങ്ങി.

ഇനം	എണ്ണം	ആകെ തുക(രൂപ)
Bee Colony With Hive	176	211200/-
Honey EXtractor(Ordinary)	16	24000/-
Honey EXtractor(steel)	8	36000/-
Smoker(Ordinary)	7	2100/-
Smoker(Aluminium)	15	6750/-
Steel Knife	16	3200/-
Veil	20	7000/-
Empty Hive	18	10800/-
Hive Stand	130	26000/-
Honey Climber	53	10600/-
ആകെ		**337650/-**

എന്നാൽ, 14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/22 തീയതി 28.05.22 പ്രകാരം ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സാങ്കേതിക വിദഗ്ധ സമിതിയുടെ 14.06.22 ലെ യോഗത്തിൽ പ്രസ്തുത ഇനത്തിന്റെ യൂണിറ്റ് കോസ്റ്റ് 1200/-രൂപയാണ്. ആയതിന്റെ 50% തുകയായ 600/-രൂപയാണ് ഒരു യൂണിറ്റിന് സബ്സിഡിയായി അനുവദിക്കാവുന്നത്. ആയതു പ്രകാരം 176 യൂണിറ്റിന് ആകെ അനുവദിക്കാവുന്ന വികസനഫണ്ട് 105600/-രൂപയാണ് എന്നാൽ 168825/-രൂപ അനുവദിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ കൊടുക്കുന്നു.

തേനീച്ചപ്പെട്ടിയും തേനീച്ചയും കൂടാതെ അനുബന്ധ സാധനങ്ങൾ കൂടി 50% നിരക്കിൽ കർഷകന് ലഭ്യമാക്കിയത്. പദ്ധതിയിൽ വിതരണം ചെയ്ത എല്ലാ സാധനങ്ങൾക്കും ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടിക അടിസ്ഥാനമാക്കി തന്നെയാണ് സബ്സിഡി നൽകിയത്. തേനീച്ചപ്പെട്ടിയും തേനീച്ചയും എന്ന ഘടകം കൂടാതെ മറ്റ് എല്ലാ അനുബന്ധ ഉപകരണങ്ങളുടേയും യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു നൽകുന്നതിന് ജില്ലാതല സാങ്കേതിക സമിതിക്കു അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത്

ലഭ്യമായില്ല എന്നും ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടിക അടിസ്ഥാനമാക്കി 50% സബ്സിഡിയാണ് അനുവദിച്ചതെന്നുമുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടികയിലും ജില്ലാതല സാങ്കേതിക വിദഗ്ധ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിലും ഒരു യൂണിറ്റിന് 1200/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതു പ്രകാരം ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും അനുവദിക്കാവുന്ന സബ്സിഡി 600/- രൂപയാണ്. അധികം അനുവദിച്ച 63325/-രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻകവയറി നം **.-3/25.09.24**

നിരാകരിക്കുന്ന തുക **-63325/-**

നിർവ്വഹണ ഉദ്യോഗസ്ഥൻ-ശ്രീമതി.കൃഷ്ണ, കൃഷി ഓഫീസർ

1-25 സർക്കാർ ഉത്തരവ് പാലിക്കാതെ സ്റ്റാഫുകളെ നിയമിച്ച് വേതനം നൽകി.

പ്രോജക്ട് നം.So.025/24

അടങ്കൽ-1279600/-രൂപ (വികസനഫണ്ട്-ജനറൽ)

ചെലവ്-1116339/-രൂപ

123800/-രൂപ, ACR ബിൽ നം.15/15.05.23

123800/-രൂപ, ബിൽ നം.36/06.06.23

72200/-രൂപ, ബിൽ നം.78/13.07.23

72200/-രൂപ, ബിൽ നം.114/07.08.23

72200/-രൂപ, ബിൽ നം.248/07.11.23

72200/-രൂപ, ബിൽ നം.250/07.11.23

123800/-രൂപ, ബിൽ നം.251/07.1123

123800/-രൂപ, ബിൽ നം.321/11.12.23

123800/-രൂപ, ബിൽ നം.413/09.01.24

108819/-രൂപ, ബിൽ നം.470/06.02.24

99720/-രൂപ, ബിൽ നം.554/04.03.24

ഇടമുളയ്ക്കൽ പി.എച്ച്.സിയിൽ സർക്കാർ ഉത്തരവ് പാലിക്കാതെ പാരാമെഡിക്കൽ സ്റ്റാഫുകളെ നിയമിച്ച് വേതനം നൽകി.

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി യിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് വേതനം നൽകുന്നതിനായി 1116339/-രൂപ ചെലവഴിച്ചു. പി.എച്ച്.സിയിൽ 24 മണിക്കൂർ പ്രവർത്തനത്തിന് ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേതനം നൽകിയയിനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പി.എച്ച്.സി/സി.എച്ച്.സി എന്നിവിടങ്ങളിൽ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.കൈ)നം.115/2022തസ്വഭവ തീയതി 22.05.22 ഖ.7.6.2 ൽ പ്രതിപാദിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.10.2023 ലെ ഡി.എ1/363/2023-തസ്വഭവ നമ്പർ സർക്കുലറിൽ

ആയതിന് വ്യക്തത വരുത്തിയിട്ടുള്ളതുമാണ്. ആയതു പ്രകാരം ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇതിന് വിരുദ്ധമായി 3 പേരെ (1-ലാബ്ടെക്നീഷൻ, 1- ഫാർമസിസ്റ്റ്,1-സ്റ്റാഫ് നഴ്സ്) നിയമിച്ച് വേതനം നൽകി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര്	മാസം	നൽകിയ വേതനം
ശ്രീ.ഇർഷാദ് ഫാർമസിസ്റ്റ്	ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെ	22200*11= 244200/-രൂപ
ശ്രീമതി .ലക്ഷ്മിപ്രീയ, ലാബ്ടെക്നീഷൻ	ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെ	22200*11= 244200/-രൂപ
ശ്രീമതി.സ്റ്റെഫി.എസ്.പി ലാബ്ടെക്നീഷൻ	ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെ	27800*11= 305800/-രൂപ
ആകെ		**794200/-**രൂപ

മേൽ സർക്കുലർ ഖണ്ഡിക (Iii) പ്രകാരം അധികമായ ഡോക്ടർ അടക്കമുള്ള സ്റ്റാഫിനെ നൽകേണ്ട ചുമതല ആരോഗ്യ വകുപ്പിനായതിനാൽ വകുപ്പ് തലത്തിൽ തന്നെ മതിയായ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ആരോഗ്യവകുപ്പ് പരിശോധിക്കുന്നതാണെന്നും പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ മാത്രമേ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനി അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്.

അധികം സ്റ്റാഫിനെ നിയമിക്കേണ്ട സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് രോഗികളുടെ ക്രമാതീതമായ വർദ്ധനവ്, പൊതുജനങ്ങൾക്ക് OP സൗകര്യം മുടങ്ങാതിരിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തോടെ അധികമായി ജീവനക്കാരെ നിയമിച്ചതെന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശം പാലിക്കാതെയും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനി അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളുവെന്ന സർക്കുലർ നിലവിലുള്ളതിനാലും മറുപടി അംഗീകരിക്കുന്നില്ല.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.03.23 ലെ ജനറൽ കമ്മിറ്റിയുടെ 11(5) തീരുമാനപ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച സ്റ്റാഫുകളെ ഒരു വർഷത്തേക്കുകൂടി നിയമിക്കുന്നതിനും കരാർ പുതുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ ജീവനക്കാരിൽ ആരെയാണ് ആദ്യം നിയമിച്ചത് എന്നതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് വ്യക്തമാക്കുന്ന കമ്മിറ്റി തീരുമാനം, നിയമനം സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 794200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻകുയറി നം **.-7/30.09.24**

തടസ്സപ്പെടുത്തുന്ന തുക**-794200/-**രൂപ

നിർവ്വഹണഉദ്യോഗസ്ഥൻ-മെഡിക്കൽഓഫീസർ,പി.എച്ച്.സി

1-26 മുൻകൂറായി തുക നൽകി-ലാബ് ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. -

പ്രോജക്ട് –ആരോഗ്യകേന്ദ്രങ്ങളുടെ രോഗനിർണ്ണയ അടിസ്ഥാനസൌകര്യം മെച്ചപ്പെടുത്തൽ (403/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ-293019/-രൂപ (ഹെൽത്ത് ഗ്രാന്റ്)

ചെലവ്-293019/-രൂപ

ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ ഉപകരണങ്ങൾ ലഭിച്ചില്ല.

പ്രോജക്ടിൽ ഉൾപ്പെടുത്തി 4937/-രൂപ (NO.NPCI-179CSCA-9096552/28.03.24) ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ എന്ന സ്ഥാപനത്തിന് നൽകി. ആയത് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻകൌയറിക്ക് KSCCF-ൽ സപ്ലൈ ഓർഡറിൽ പറഞ്ഞിട്ടുള്ള ഉപകരണം സ്റ്റോക്കില്ലാത്തതിനാൽ നാളിതുവരെ വിതരണം ചെയ്തിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് നൽകിയ 4937/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻകൌയറി നം **.-7/30.09.24**

തടസ്സപ്പെടുത്തുന്ന തുക**-4937**/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി**.**എച്ച്**.**സി

1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി-നം, അടങ്കൽ തുക ₹	ചെലവ് തുക ₹	തുക സ്വീകരിച്ച സ്ഥാപനം	ബിൽ നം/ തീയതി
1.	437/24 തെരുവ് നായ നിയന്ത്രണം ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ -200000/-രൂപ (തനത് ഫണ്ട്)	2,00,000/-	ജില്ലാപഞ്ചായത്ത്	ചെക്ക് നം/ തീയതി 702003/21.03.24
2	374/24 ഒഴുകുപാറയ്ക്കൽ കോളനിയിൽ കുഴൽക്കിണർ നിർമ്മാണം-350000/-തനത് ഫണ്ട്)	1,19,436/-	ഭൂജല വകുപ്പ്	321207/13.03.24
3	178/24 ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സ്കൂളുകളിൽ കുഴലിക്കിണർ നിർമ്മാണം സി.എഫ്.സി 1009800/-രൂപ	3,28,511/-	ഭൂജല വകുപ്പ്	534/29.02.24
4	102/24 തേവർതോട്ടം അംഗനവാടിയിൽ	90,195/-	ഭൂജല വകുപ്പ്	540/29.02.24

	കുഴൽക്കിണർ നിർമ്മാണം സി.എഫ്.സി			
5	101/24 കടമാൻകുഴി ജംഗ്ഷനിൽ കുഴൽകിണർ നിർമ്മാണം. 3,00,000/-രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്)	91,526/-	ഭൂജല വകുപ്പ്	539/29.02.24
6	100/24 കപ്പച്ചിൻ ആശ്രമത്തിനു സമീപം കുഴൽകിണർ നിർമ്മാണം. 3,00,000/-രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്)	1,19,495/-	ഭൂജല വകുപ്പ്	538/29.02.24
	ആകെ	9,49,163/-		

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 9,49,136/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ്എൻകുയറി നം **.-15/30.9.24**
തടസ്സപ്പെടുത്തിയ തുക **-9,49,163/-**രൂപ

1-28 ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകങ്ങൾ.

പ്രോജക്ട് നമ്പർ-74/24 (ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി
പദ്ധതി അടങ്കൽ–1450000/-രൂപ (വികസന ഫണ്ട് (ജനറൽ)-850000+ തനത് ഫണ്ട്- 600000)
പദ്ധതി ചെലവ് –1429948/-രൂപ (വികസന ഫണ്ട് (ജനറൽ)-797410+ തനത് ഫണ്ട്-632538)
മേൽപരാമർശിച്ച പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെചേർക്കുന്നു.
1. പദ്ധതി പരിശ്ശരിക്കാതെ തനത് ഫണ്ട് പ്രകാരം വകയിരുത്തിയ തുകയേക്കാൾ അധികം തുക ചെലവഴിച്ചു. പ്രസ്തുത പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 49140/-രൂപ (ബഡ്സ് സ്കൂൾ വാഹനത്തിന്റെ വാടക) സുലേഖാ പത്രികയിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ഈ ചെലവ് പ്രോജക്ട് ചെലവായി ഉൾപ്പെടുത്താതെ തനത് ഫണ്ട് ചെലവായി മാത്രം ഉൾപ്പെടുത്തി.
2. പ്രസ്തുത പദ്ധതിക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നൽകിയ ക്വട്ടേഷൻ പരസ്യത്തിൽ 18 മുതൽ 22 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന വാഹനങ്ങളുടെ ഉടമകളിൽ നിന്നുമുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നു എന്ന് അറിയിച്ചിരുന്നു. എന്നാൽ ക്വട്ടേഷൻ ലഭിച്ചിരുന്നവരിൽ നിന്നും ഏഴ് സീറ്റ് മാത്രമുള്ള വാഹനത്തിന്റെ (KL 25 Q 1811) ഉടമ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് കരാർ അനുവദിച്ചതായി കാണുന്നു. ആയതിനാൽ പ്രസ്തുത വാഹനം ദിവസേന 3 തവണ വീതം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ യാത്രാക്കൂലി ഇനത്തിൽ അധികം തുക നൽകേണ്ടതായി വരുന്നു.
3. മേൽപരാമർശിച്ച വാഹന ഉടമ അംഗീകരിച്ച കരാർ പ്രകാരം ഒരു കിലോ മീറ്ററിന് 18/-രൂപ നിരക്കിൽ വാഹനം ഓടുന്നതാണ് എന്നറിയിച്ചിരുന്നു. എന്നാൽ ടിയാന് അനുവദിച്ച 2023 നവംബർ മാസത്തെ വാഹനം ഓടിയ തുകയോടൊപ്പം വെയിറ്റിംഗ് ചാർജ് എന്ന നിലയിൽ 500/-രൂപ കൂടി നൽകിയിട്ടുണ്ട്.
പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും, സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി - **23/30.09.24, 29/01.10.24**

1-29 ഹരിത കർമ്മ സേന-അവലോകനം

ഇടമുളയ്ക്കൽ പഞ്ചായത്ത് **2023-24** ഹരിതകർമ്മസേന പ്രവർത്തന റിപ്പോർട്ട്.

അടിസ്ഥാനവിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 22 വാർഡുകളായി 44 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തടിക്കാട് 1100 ച.അടി, ആയൂർ 1650 ച.അടി എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് എം.സി.എഫുകൾ, 22 വാർഡുകളിലായി 16 മിനി എം.സി.എഫുകൾ എന്നിവ ഉണ്ട്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഓരോ മാസവും വാതിൽപ്പടി ശേഖരണം നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രീൻ ടെക്കിന് കൈമാറുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക്, ഐ.ഡി കാർഡ് മറ്റു സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എം.സി.എഫ് കളിൽ വെയ്യിംഗ് മെഷീൻ, ഫയർ എക്സ്റ്റിംഗ്യൂഷർ, തടിക്കാട് എം.സി.എഫ് ൽ ബെയിലിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തരം തിരിച്ച അജൈവ മാലിന്യം ഗ്രീൻ ടെക്കിന് കൈമാറുന്നതിലൂടെ അധിക വരുമാനം ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭിക്കുന്നു. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. നിലവിൽ 10447 ഭവനങ്ങളും 843 സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

മാലിന്യശേഖരണകാര്യക്ഷമത

ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടറിന്റേയും, ട്രാൻസ്പോർട്ടേഷൻ പ്ലാനിന്റേയും അടിസ്ഥാനത്തിൽ നടത്തുന്നു.

ഹരിതമിത്രം ആപ്ലിക്കേഷൻ വഴി യൂസർ ഫീ കളക്ട് ചെയ്യുന്നു.

ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് വാർഡുകളിലെ മിനി എം സി എഫുകളിൽ എത്തിക്കുകയും അവിടെ നിന്നും എം സി എഫിൽ എത്തിച്ച് വേർതിരിക്കുകയും ചെയ്യുന്നു. തരംതിരിച്ച ശേഷം കരാറിലേർപ്പെട്ടിട്ടുള്ള കമ്പനിക്ക് കൈമാറുന്നു.

റീസൈക്ലിംഗ്

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി കരാർ കമ്പനിക്ക് കൈമാറുന്നു. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും എത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തുതല വിജിലൻസ് സ്ക്വാഡും, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡും പരിശോധന നടത്തി മാലിന്യ പരിപാലനം സംബന്ധിച്ച് കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക്മേൽ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 10,000/-രൂപ ഒരു ഹരിതകർമ്മസേനാംഗത്തിന് ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആശ്രയ–അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ യൂസർഫീ വാങ്ങുന്നില്ല.

അടിസ്ഥാനസൗകര്യ വികസനം

ഹരിതകർമ്മസേനാംഗങ്ങൾക്ക് ഗ്ലൗസ്, മാസ്ക്, ബൂട്ട്, സാനിട്ടൈസർ, എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഹരിതകർമസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും, യൂസർ ഫീ കളക്ട് ചെയ്യുന്നതിനും ഹരിതമിത്രം ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം - കൈക്കൊണ്ട നടപടികൾ

പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയും, പൊതു നിരത്തിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ടുമുള്ള ലഘുലേഖകൾ ഹരിതകർമ്മ സേന പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർ മുഖേന വീടുകളിലും സ്ഥാപനങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നവരിൽ നിന്നും, അനധികൃത പ്ലാസ്റ്റിക് സൂക്ഷിച്ച കച്ചവട സ്ഥാപനങ്ങളിൽ നിന്നും, പൊതുനിരത്തിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നവരിൽ നിന്നും പിഴയിനത്തിൽ 1,49,400/-രൂപ ഈടാക്കി. പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും തടയുന്നതിനുവേണ്ടി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പരിശീലനവും വികസനവും

എല്ലാ മാസവും കൺസോർഷ്യം മീറ്റിംഗ് കൂടുകയും പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ കെൽട്രോണിന്റെ സഹായവും ലഭ്യമാകുന്നുണ്ട്.

വരവ്-ചെലവ് **(01.04.2023 – 31.03.2024)**

.യൂസർ ഫീ – 50,29,091/-രൂപ

.കരാർ കമ്പനിയിൽ നിന്നും ലഭിച്ച തുക–10,48,384/-രൂപ

.ആകെ വരവ് –60,77,475/-രൂപ

.വേതനം ഇനത്തിൽ 55,74,563/-രൂപ, 2023-24 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

.5,02,912/-രൂപ കോർപ്പസ് ഫണ്ട് ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

വീടുകളിലും സ്ഥാപനങ്ങലിലും 100% കവറേജ് സാധ്യമായിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകുന്ന എല്ലാ സേവനങ്ങൾക്കും യൂസർ ഫീ രസീത് നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും 100% യൂസർ ഫീ കളക്ഷൻ ലഭിക്കുന്നില്ല. QR Code നശിപ്പിച്ചു കളയുന്ന പ്രവണത നിലവിലുണ്ട്. QR Code Scan ചെയ്യുന്നതിൽ സാങ്കേതിക തകരാറുകൾ നേരിടുന്നു.

പ്രധാന നിർദ്ദേശങ്ങൾ

1) പൊതു ജനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാ തലങ്ങളിൽ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

2) പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

3) ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ എന്ന നേട്ടം കൈവരിക്കുന്നതിന് പഞ്ചായത്ത് ഭരണ സംവിധാനങ്ങളോടൊപ്പം ബഹുജനങ്ങളുടെ മനോഭാവ മാറ്റത്തിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പൂർണ്ണത കൈവരിക്കുന്നതിന് തുടർച്ചയായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ

കൂടി പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 തേനീച്ചക്കൃഷി വ്യാപനം-യൂണിറ്റ് കോസ്റ്റിന് അധികമായി തുക അനുവദിച്ചു.:

പ്രോജക്ട് തേനീച്ചക്കൃഷി വ്യാപനം-(36/24)

അടങ്കൽ തുക-3,58,825/-രൂപ (വികസനഫണ്ട്-1,90,000/-രൂപ, ഗുണഭോക്തൃവിഹിതം-1,68,895/-രൂപ)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ചെലവ് -20200/-രൂപ (ബിൽ നം.2/06.12.23)

168825/-രൂപ (ബിൽ നം.6/18.03.24)

168825/-രൂപ (ചെക്ക് നം-321163/17.01.24)

തേനീച്ചക്കൃഷി വ്യാപനം എന്ന പ്രോജക്ടിൽ യൂണിറ്റ് കോസ്റ്റിന് അധികമായി സബ്സിഡി അനുവദിച്ചു.

50% സബ്സിഡിയിൽ തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും നൽകുന്ന പ്രോജക്ട് പ്രകാരം ആകെ 3,57,850/-രൂപ ചെലവഴിച്ചു. 2 ദിവസത്തെ പരിശീലനം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 20,200/-രൂപയും, 176 സെറ്റ് തേനീച്ചയും കൂടും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 1,68,825/-രൂപ ഉൾപ്പെടെ 1,89,025/-രൂപ വികസനഫണ്ടും, 1,68,825/-രൂപ ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചു.

RSG Bee Keeping & Training Centre എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് നം.23/22.12.23 പ്രകാരമുള്ള 337650/-രൂപയുടെ 50% തുകയായ 1,68,825/-രൂപയാണ് വികസനഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. ആയതു പ്രകാരം ചുവടെ പറയുന്ന ഇനങ്ങൾ വാങ്ങി.

ഇനം	എണ്ണം	ആകെ തുക(രൂപ)
Bee Colony With Hive	176	211200/-
Honey EXtractor(Ordinary)	16	24000/-
Honey EXtractor(steel)	8	36000/-
Smoker(Ordinary)	7	2100/-
Smoker(Aluminium)	15	6750/-
Steel Knife	16	3200/-
Veil	20	7000/-
Empty Hive	18	10800/-
Hive Stand	130	26000/-
Honey Climber	53	10600/-
ആകെ		**3,37,650/-**

എന്നാൽ, 14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/22 തീയതി-28.05.22 പ്രകാരം ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സാങ്കേതിക വിദഗ്ധ സമിതിയുടെ 14.06.22 ലെ യോഗത്തിൽ പ്രസ്തുത ഇനത്തിന്റെ യൂണിറ്റ് കോസ്റ്റ് 1200/-രൂപയാണ്. ആയതിന്റെ 50% തുകയായ 600/-രൂപയാണ് ഒരു യൂണിറ്റിന് സബ്സിഡിയായി അനുവദിക്കാവുന്നത്. ആയതു പ്രകാരം 176 യൂണിറ്റിന് ആകെ അനുവദിക്കാവുന്ന വികസനഫണ്ട് 105600/-രൂപയാണ്. എന്നാൽ 168825/-രൂപ അനുവദിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ കൊടുക്കുന്നു.

തേനീച്ചപ്പെട്ടിയും തേനീച്ചയും കൂടാതെ അനുബന്ധ സാധനങ്ങൾ കൂടി 50% നിരക്കിൽ കർഷകന് ലഭ്യമാക്കി. പദ്ധതിയിൽ വിതരണം ചെയ്ത എല്ലാ സാധനങ്ങൾക്കും ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടിക അടിസ്ഥാനമാക്കി തന്നെയാണ് സബ്സിഡി നൽകിയത്. തേനീച്ചപ്പെട്ടിയും തേനീച്ചയും എന്ന ഘടകം കൂടാതെ മറ്റ് എല്ലാ അനുബന്ധ ഉപകരണങ്ങളുടെയും യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു നൽകുന്നതിന് ജില്ലാതല സാങ്കേതിക സമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയത് ലഭ്യമായില്ല എന്നും ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടിക അടിസ്ഥാനമാക്കി 50% സബ്സിഡിയാണ് അനുവദിച്ചതെന്നുമുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഹോർട്ടിക്കോർപ്പിന്റെ വിലവിവരപ്പട്ടികയിലും ജില്ലാതല സാങ്കേതിക വിദഗ്ധ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിലും ഒരു യൂണിറ്റിന് 1200/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതു പ്രകാരം ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും അനുവദിക്കാവുന്ന സബ്സിഡി 600/- രൂപയാണ്. അധികം അനുവദിച്ച 63325/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻകുയറി നം **.-3/25.09.24**

നിരാകരിക്കുന്ന തുക**-63325/-** രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ശ്രീമതി**.**കൃഷ്ണ**,** കൃഷി ഓഫീസർ

3-2 ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കോൺക്രീറ്റ് റോഡിൽ വീണ്ടും പദ്ധതി ആവിഷ്കരിച്ചു.- പ്രവൃത്തി ചെയ്യാതെ ക്രമക്കേട് നടത്തി

പ്രവൃത്തി-തെങ്ങുവിള കപ്പൂച്ചിയൻ ആശ്രമം റോഡ് (വാർഡ്-9)

പ്രോജക്ട് നമ്പർ-178/,So 312/24

അടങ്കൽ തുക-5,00,000/-രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്)

കരാർ-77/Ae/LSGD/EDML/22-23, 21-02-2023

കരാറുകാരൻ-ശ്രീ. എസ്സ്. നിസ്സാറുദ്ദീൻ

കരാർ തുക-3,48,103/-രൂപ

ഇ-എം ബുക്ക്-ഇ ബി/27743/2022

തെങ്ങുവിള കപ്പൂച്ചിയൻ ആശ്രമം റോഡ് എന്ന മരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി ചെയ്യാതെ മറ്റൊരു പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്ത് ചെയ്ത പ്രവൃത്തിയുടെ പേരിൽ വ്യാജ രേഖ ചമച്ച് തുക പിൻവലിച്ച് ക്രമക്കേട് നടത്തി.

2022-23 ൽ ആരംഭിച്ച് 2023-24 ൽ പൂർത്തീകരിച്ച് അന്തിമബിൽ നല്കിയിട്ടുള്ള പ്രവൃത്തിയുടെ ഒന്നാം

ഭാഗിക ബിൽ 2022-23 സാമ്പത്തിക വർഷത്തിലും, അന്തിമബിൽ 2023-24 സാമ്പത്തിക വർഷത്തിലും ആണ് നല്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം 4 ഇനം പ്രവൃത്തികളുള്ള ടി പ്രവൃത്തിയുടെ ആദ്യ 3 ഇനം പ്രവൃത്തി ചെയ്തിനുള്ള തുക ഒന്നാം ഭാഗിക ബിൽ പ്രകാരവും നാലാമത്തെ ഇനം ചെയ്തതിനുള്ള തുക അന്തിമ ബിൽ പ്രകാരവും കരാറുകാരന് നല്കി.

എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കേണ്ടത് കുരിശുംമൂട് കാഞ്ഞിരംമുക്ക് റോഡിൽനിന്നും പ്രവേശിക്കുന്ന റോഡിൽ നിലവിലുള്ള 60 മീ റോഡ് കഴിഞ്ഞുവരുന്ന ഭാഗത്ത് 7 മീ. റോഡ് കോൺക്രീറ്റ് ചെയ്യുക, തുടർന്ന് 4 മീ. നീളത്തിൽ ചപ്പാത്ത് നിർമ്മിക്കുക, തുടർന്നുള്ളഭാഗം 40 മീ. നീളത്തിൽ റീ കോൺക്രീറ്റ് ചെയ്യുക, വീണ്ടും 4 മീ നീളത്തിൽ ചപ്പാത്ത് നിർമ്മിക്കുക, തുടർന്ന് ചെയിനേജ് 0/115 മുതൽ 0/171 വരെ ഇന്റർലോക്ക് ചെയ്യുക എന്നിവയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിലെല്ലാം (എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ഇ എം ബുക്ക്, മുതലായവ) പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതും മേൽപറഞ്ഞ പ്രകാരമാണ്.

പ്രവൃത്തി സംബന്ധിച്ച സ്ഥല പരിശോധന 27-09-2024 ൽ നിലവിലെ അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ ഇനം 4 ആയി ഉൾപ്പെട്ടിട്ടുള്ള ഇന്റർലോക്ക് പ്രവൃത്തി നടത്തിയിട്ടുള്ളതും ബോദ്ധ്യപ്പെട്ടു.

നിലവിൽ കോൺക്രീറ്റ് റോഡ് നിലനിൽക്കുന്ന പ്രദേശത്താണ് പ്രവൃത്തി ചെയ്തതായി കാണിച്ച് രേഖകൾ തയ്യാറാക്കി ബിൽപ്രകാരം തുക നല്കിയിട്ടുള്ളത്. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നിർമ്മിച്ച റോഡിലാണ് പ്രവൃത്തി ചെയ്തതായി കാണിച്ച് വ്യാജ രേഖകൾ ഉണ്ടാക്കിയിട്ടുള്ളത്. കപ്പച്ചിയൻ ആശ്രമം റോഡ് കോൺക്രീറ്റ് പ്രവൃത്തി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി	ആനപ്പുഴയ്ക്കൽ എൽപിഎസ്-കപ്പച്ചിൻ ആശ്രമം റോഡ്
ഫയൽ നം.	D 861/2020/MLASDF(1)
അടങ്കൽ തുക	6,00,000/-രൂപ (എം എൽ എ എസ് ഡി എഫ്(2020-21)
കരാറുകാരൻ	ശ്രീ. എസ്. നിസ്സാറുദ്ദീൻ
കരാർ	31/2020/MLASDF Lr 23-01-2021
പ്രവൃത്തി പൂർത്തിയാക്കിയ തീയതി	19-03-2021
ബിൽ വിവരം	പ്രവൃത്തി മൂല്യം-3,99,799/-രൂപ ജി.എസ്.ടി-47997/-രൂപ ആകെ-4,47,976/-രൂപ

എം എൽ എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നിർമ്മിച്ച് 19-03-2021 ൽ പൂർത്തീകരിച്ച റോഡിൽ വീണ്ടും പ്രവൃത്തി ചെയ്തതായി കാണിച്ച് എം-ബുക്കും, ബില്ലും തയ്യാറാക്കിയാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്. ടി രണ്ടു പ്രവൃത്തികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയർ ശ്രീ. പി. സുനിൽ കുമാറും, കരാറുകാരൻ. ശ്രീ. എസ്. നിസ്സാറുദ്ദീനും ആണ്.

ഒന്നാം ഭാഗിക ബിൽ പ്രകാരം നിർവ്വഹിച്ചതായി കാണിച്ചിട്ടുള്ള പ്രവൃത്തിയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. (ഇ-എം.ബുക്ക് നം 27749/20220 ലെ വിവരങ്ങൾ)

ക്ര. നം	കോഡ്	പ്രവൃത്തി വിവരം
1.001	3-2	Preparation Of Foundation For Embackmentexisting Bituminous Surface Depth 150mm--- Etc 3.09 Cum
1.002	11.1.1.1	For Chappath Earth Work 2-Nos-4.86 Cum
1.003	75.8.1.1	Providing Plain Re Inforcement-26.01 Cum

ഒന്നാം ഭാഗിക ബിൽ വിവരം താഴെ കൊടുക്കുന്നു

പ്രവൃത്തി മൂല്യം	186124/-രൂപ
ജി.എസ്.ടി	33,502/-രൂപ
ആകെ	2,19,626/-രൂപ
(-)റീ -ടെൻഷൻ	4653/-രൂപ
(-)ഐ ടി	1861/-രൂപ
(-) ജി.എസ്.ടി	3722/-രൂപ
കരാറുകാരന് നല്കിയ തുക	2,07,527/-രൂപ
ബിൽ വിവരം	BRN-22040752014501539738/28-03-2023

പ്രവൃത്തിയുടെ അന്തിമ ബിൽ വിവരം താഴെ ചേർക്കുന്നു.

അന്തിമ ബിൽ തുക- 190859/-രൂപ

കരാറുകാരന് നല്കിയിട്ടുള്ള തുക-1,83,692/-രൂപ

ബിൽ നം-BRN-23040752014500780440

ക്രമക്കേടുകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകവയറി (നം 9, തീയതി 30-09-2024), സ്ഥല പരിശോധനാ റിപ്പോർട്ട് എന്നിവ നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തി, ചെയ്തതായി കാണിച്ച് എം-ബുക്ക്, ഒന്നാം ഭാഗിക ബിൽ എന്നിവ പ്രകാരം പിൻവലിച്ചിട്ടുള്ള 2,19,626/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒന്നാം ഭാഗിക ബിൽ നല്കിയിട്ടുള്ള അസി.എഞ്ചിനീയർ, ശ്രീ. പി. സുനിൽ കുമാറിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (പ്രവൃത്തി പൂർത്തീകരിച്ച് അന്തിമബിൽ നൽകിയ 2023-24 സാമ്പത്തിക വർഷത്തിലെ പരിശോധനാ വേളയിലാണ് ഫയൽ പരിശോധിച്ചിട്ടുള്ളത്)

വ്യാജ രേഖകൾ നിർമ്മിച്ച് ചെയ്യാത്ത പ്രവൃത്തി ചെയ്തതായി കാണിച്ച് തുക പിൻവലിച്ചതു സംബന്ധിച്ചും, ഇതിൽ അസി.എഞ്ചിനീയർ ശ്രീ. പി സുനിൽ കുമാർ, കരാറുകാരൻ ശ്രീ. നിസ്സാറുദ്ദീൻ എന്നിവർക്കെതിരേയും വകുപ്പു തലത്തിലും, സംസ്ഥാന വിജിലൻസ് സംവിധാനം ഉപയോഗിച്ചുമുള്ള തുടരന്വേഷണത്തിനും, നടപടികൾക്കും ശിപാർശ ചെയ്യുകയും ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണം നം **-9/30.09.2024**

നിരാകരിച്ച തുക- **2,19,626/-**രൂപ

3-3 എംബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി അതേ അളവിൽ ചെയ്തിട്ടില്ല. -

പ്രവൃത്തി-പെരിങ്ങല്ലൂർ വിപണന കേന്ദ്രം (137/23,284/24)

അടങ്കൽ തുക-5,00,000/-രൂപ, (3,00,000/-രൂപ സംരക്ഷണ ഗ്രാന്റ് (റോഡിതരം)-2,00,000/-രൂപ വികസനഫണ്ട്)

കരാറുകാരൻ-ശ്രീ. നിസ്സാറുദ്ദീൻ

കരാർ-04/AE/LSGD/EDML/23-24,13-06-2023

ഇ-എം.ബുക്ക്-52098/22

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയായ പെരിങ്ങല്ലൂർ വിപണന കേന്ദ്രം നവീകരിച്ച് സ്റ്റീൽ ട്യൂബുലർ പ്രവൃത്തി ചെയ്ത് വിപണന കേന്ദ്രത്തിന്റെ പുറകിലുള്ള സ്ഥലം വിപുലപ്പെടുത്തുന്നതിനുള്ളതാണ് പ്രസ്തുത പ്രവൃത്തി. ടി പ്രവൃത്തിയുടെ സ്ഥലപരിശോധന നിലവിലുള്ള അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 25-09-2024 ൽ നടത്തിയതിൽ എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ കുറഞ്ഞ അളവിലാണ് 1.004 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തി. വിശദവിവരം താഴെ ചേർക്കുന്നു.

എം ബുക്ക് പ്രകാരം 80x40 എംഎം ട്യൂബുകൾ 5.9 മീറ്റർ നീളമുള്ളത് 12 എണ്ണവും, 7.2 മീറ്റർ നീളമുള്ളത് 6 എണ്ണവും സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 5.9 മീറ്റർ നീളമുള്ള 4 ട്യൂബുകളും, 7.2 മീറ്റർ നീളമുള്ള 3 ട്യൂബുകളും സ്ഥാപിച്ചിട്ടില്ലെന്ന് കണ്ടെത്തി. കുറവായി കണ്ടെത്തിയതിന്റെ തുക്കം താഴെ കൊടുക്കുന്നു.

അളവ്	എണ്ണം	നീളം		തുക്കം
80x40 M.M	04	5.9	2.19	51.684 Kg
80x40 M.M	03	7.2	2.19	47.304 Kg
			ആകെ	**98.988 Kg**

എം ബുക്ക് പ്രകാരം 1.004 ഇനം 722.968 കി.ഗ്രാം അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 98.988 Kg ട്യൂബുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ കരാറുകാരന് 98.988 Kg യുടെ തുക അധികം നല്കി. കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള 132 /Kg നിരക്കിൽ കണക്കാക്കുമ്പോൾ താഴെ കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

അളവ്	തുക
132 *98.988	13,066/-രൂപ
ജി.എസ് ടി 18 %	2352/-രൂപ
ആകെ	**15,418/-**രൂപ

അധികം നല്കിയ 15,418/-രൂപ നിരാകരിക്കുന്നു

ബിൽ വിവരം

BRN 230407520145012972981 29-02-2024	3,00,000/-രൂപ
BRN 230407520145014890961 24-03-2024	1,22,022/-രൂപ
ആകെ	**4,22,022/-**രൂപ

അധികം നല്കിയ 15,418/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം**-10/29.09.2024**

നിരാകരിച്ച തുക-**15,418/-**രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	25.09.2024, 28.09.2024	കെ.എസ്.എ.കെ.എൽ.എം.പി.12/1894/24 തീയതി-18/10/2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	5,00,000/-	248/24 ലൈഫ് 2020 ജനറൽ(S.O)	5,00,000/-	-
ബ്ലോക്ക് പഞ്ചായത്ത്	15,20,000/-	88/24 ലൈഫ് 2020 ജനറൽ	15,20,000/-	
ബ്ലോക്ക് പഞ്ചായത്ത്	4,80,000/-	106/24 ലൈഫ് ഭവന നിർമ്മാണം 2020 SCP-	4,80,000/-	-
ബ്ലോക്ക് പഞ്ചായത്ത്	5,20,000/-	258/24 ലൈഫ് ഭവന നിർമ്മാണം 2020 SCP (S.O)	5,20,000/-	-
ബ്ലോക്ക് പഞ്ചായത്ത്	3,00,000/-	32/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്ക്കോളർഷിപ്പ്-	3,00,000/-	-
ബ്ലോക്ക് പഞ്ചായത്ത്	1,50,000/-	29/24 അന്നപൂരക പോഷകാഹാരം	1,50,000/-	-
ബ്ലോക്ക് പഞ്ചായത്ത്	4,90,000/-	278/24 കമ്പംകോട് അംഗനവാടി കെട്ടിട നിർമ്മാണം വാർഡ്-16	4,90,000/-	
ബ്ലോക്ക് പഞ്ചായത്ത്	8,97,914/-	18/24പാലിന് സബ്സിഡി	8,97,914/-	-
ജില്ലാ പഞ്ചായത്ത്	4,60,000/-	88/24 ലൈഫ് 2020 ജനറൽ	4,60,000/-	-
ജില്ലാ പഞ്ചായത്ത്	9,60,000/-	106/24 ലൈഫ് ഭവന നിർമ്മാണം 2020 SCP	9,60,000/-	-
ജില്ലാ പഞ്ചായത്ത്	1,00,000/-	29/24 അന്നപൂരക പോഷകാഹാരം	1,00,000/-	-
ജില്ലാ പഞ്ചായത്ത്	2,00,000/-	32/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്ക്കോളർഷിപ്പ്-	2,00,000/-	-

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള

			തുക (₹)		തുക (₹)
ഭൂഗർഭ ജല വകുപ്പ്	374/24- ഒഴുകുപാറയ്ക്കൽ കോളനിയിൽ കുഴൽകിണർ നിർമ്മാണം	321207/13-3-24	1,19,436/-	-	119436/-
ഭൂഗർഭ ജല വകുപ്പ്	102/24- തേവർതോട്ടം അംഗനവാടിയിൽ കുഴൽകിണർ നിർമ്മാണം	540/29.02.24 CFC,	90,195/-	-	90195
ഭൂഗർഭ ജല വകുപ്പ്	101/24- കടമാൻകുഴി ജംഗ്ഷനിൽ കുഴൽകിണർ നിർമ്മാണം	539/29.02.24 CFC	91,526/-	-	91526/
ഭൂഗർഭ ജല വകുപ്പ്	100/24- കപ്പൂച്ചിൻ ആശ്രമത്തിനു സമീപം കുഴൽകിണർ നിർമ്മാണം	538/29.02.24 CFC	1,19,495/-	-	119495
ഭൂഗർഭ ജല വകുപ്പ്	178/24- പഞ്ചായത്ത് ഓഫീസ് പരിധിയിലെ സ്കൂളുകളിൽ കുഴൽകിണർ നിർമ്മാണം	542/29.02.24 CFC	3,28,511/-	-	3,28,511/-
കെ.എസ്.ഇ.ബി.	8/24 പോസ്റ്റ് ഷിഫ്റ്റിംഗ്	119/11.08.23 220/06.11.23 269/15.11.23 321188/21.02.24 7020021/21.03.24 702005/26.03.24 702009/30.03.24	25713/- 29109/- 1191/- 57441/- 25181/- 10922/- 11089/-		25713/- 29109/- 1191/- 104633/-
കെ.എസ്.ഇ.ബി.	96/24 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	702002/21.03.24	543420/-	443422	99998/-
കെ.എസ്.ഇ.ബി.	454/24 തടിക്കാട് പി.എച്ച്.സി യ്ക്ക് ത്രീഫേസ് കണക്ഷൻ	321188/21.02.24	23797/-	23797/-	

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,76,00,000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(എം.എസ്സ്) 2278/18/തസ്വഭവ തീയതി-13.08.2018	1,77,41,693/-	3,12,76,223/-	38,75,401/-	-	4,51,42,515/-

(ഖണ്ഡിക 1-1-2 കാണുക)

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	9,48,504/-രൂപ
തൻവർഷം നിക്ഷേപിച്ച തുക	(പലിശ- 78,252/-രൂപ)
ആകെ	10,26,756/-രൂപ
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	10,26,756/-രൂപ

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 7,038/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം/തീയതി
2021-22	3-1	7,038/- (5020+2018)	ശ്രീമതി പ്രേമ എൽ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രീമതി സോണി എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ	1230304387/26.02.24
	ആകെ	**7,038/-**		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019-20	1-16	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.
2019-20	1-22	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ (ഹോമിയോ)	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക **(₹)**		ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
	ചാർജ്	സർചാർജ്	

	ചെയ്യാവുന്നവ	ചെയ്യാവുന്നവ	
3-1	--	63,325/-	ശ്രീമതി.കൃഷ്ണ, കൃഷി ഓഫീസർ
3-2	--	2,19,626/-	ശ്രീ പി സുനിൽകുമാർ, അസിസ്റ്റന്റ് എൻജിനീയർ
3-3	--	15,418/-	ശ്രീ സൽമാൻ ജെ.എസ്, അസിസ്റ്റന്റ് എൻജിനീയർ
	ആകെ	**2,98,369/-**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക **(₹)**	ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
1-18	1,60,000/-	ശ്രീ ശംഭു എസ്.ആർ., വി.ഇ.ഒ.
1-25	4,02,200/-	ഡോ.ഷെമീർ സലാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
	3,92,000/-	ഡോ.എലിസബത്ത് എബ്രഹാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-26	4937/-	ഡോ.ഷെമീർ സലാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-27	9,49,163/-	ശ്രീമതി. സബിത യു, സെക്രട്ടറി
ആകെ	**19,08,300/-**	

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും/ഉദ്യോഗപ്പേരും	ഇപ്പോഴത്തെ **(**ഓഡിറ്റ് നടന്ന സമയത്തെ**)** ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. സബിത യു, സെക്രട്ടറി	വിരമിച്ചു	സഫ മഹൽ, മഞ്ഞപ്പാറ പി.ഒ. ആയൂർ
ശ്രീമതി. കൃഷ്ണ	കൃഷി ഓഫീസർ	കൃഷ്ണകൃപ, ഏറം, പറംകോട്, ചാത്തന്നൂർ.
ശ്രീ. സുനിൽ കുമാർ പി. അസി. എഞ്ചിനീയർ	അസി.എഞ്ചിനീയർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്	സുനിൽ ഭവൻ, അരുർ, മുളക്കലത്ത് കാവ് തട്ടത്തുമല, കിളിമാനൂർ.
ശ്രീ ശംഭു എസ്.ആർ. വി.ഇ.ഒ.	വി.ഇ.ഒ., ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്	ശാന്തവിലാസം, വയയ്ക്കൽ പി.ഒ. കൊല്ലം.

ഡോ.എലിസബത്ത് എബ്രഹാം മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.മൈലം	റോസ് ലാന്റ് പുലമൺ, കൊട്ടാരക്കര.
ഡോ.ഷെമീർ സലാം മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, തടിക്കാട് പി.എച്ച്.സി.	ഷാലിമാർ, തിരുമുല്ലാവാരം, കൊല്ലം.
ശ്രീ ജെ.എസ്.സൽമാൻ	അസി.എഞ്ചിനീയർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്	നൌഫൽ മൻസിൽ കരുകോൺ പി ഒ, പുത്തയം, അഞ്ചൽ.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട ുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	നിലവിലുള്ള ഖണ്ഡികകൾ
1998-99	കെ.എസ്.എ/കെ.എൽ.എം/പി-1/440(1)/21-03-2018	2
1999-00	കെ.എസ്.എ/കെ.എൽ.എം/പി-1/440(2)/21-03-2018	1
2000-01	കെ.എസ്.എ/കെ.എൽ.എം/പി-1/440(3)/21-03-2018	2
2001-02	കെ.എസ്.എ/കെ.എൽ.എം/പി-1/440(4)/21-03-2018	1
2002-03	കെ.എസ്.എ/കെ.എൽ.എം/പി-1/440(5)/21-03-2018	10
2003-04	കെ.എസ്.എ/കെ.എൽ.എം/പി-1/440(6)/21-03-2018	6
2004-05	കെ.എസ്.എ/കെ.എൽ.എം/പി-1/440(7)/21-03-2018	2
2005-06	കെ.എസ്.എ/കെ.എൽ.എം/പി-1/440(8)/21-03-2018	2
2006-07	കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19	18
2007-08	കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19	14
2008-09	കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19	10
2009-10	കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19	5
2010-11	കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19	6
2011-12 & 2012-13	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2011-12& 2012-13 /859/22 തീയതി 23.08.22	14
2013-14 & 2014-15	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2013- 2014 & 2014-15 /859/22 തീയതി 23.08.22	11
2015-16	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2015-16 / 859/22 തീയതി 23.08.22	10
2016-17	കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017	എല്ലാ ഖണ്ഡികകളും
2017-18	കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019	എല്ലാ ഖണ്ഡികകളും
2018-19	കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020	എല്ലാ ഖണ്ഡികകളും
2019-20	കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്എ-കെഎൽ എം/പി1/719/2022/23.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്എ-കെഎൽ എം/പി1/405/2022/10.04.2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്എ-കെഎൽ എം/പി1/1952/2023/04.12.2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated I(1) dated 30-05-2024 and submitted on 28-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edamulakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edamulakkal Grama Panchayat as on 31-03-2024

Date: 18/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Edamulakkal Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1. The following mandatory financial statement prescribed in accounting rules are not submitted for audit:-
Ratios and secretary notes.
2. Actual loan liability does not match with the AFS.
3. Monthly Bank Reconciliation Statement not prepared.
4. CFC balance accounted in the B-4 schedule does not match with B-17 schedule.
5. Details of Liability in respect of District and Block panchayath amount accounted in the Balance sheet not produced for verification.

6. The Expeniture of Beneficiary Contribution does not match with the AFS.
7. Demand, Collection & balance not prepared and attested by Secretary.
8. The expenditure of Loan amount does not match with Register.
9. Reconciliation Statement of following accounts included in the RP 40(B) not prepared.

i) TSB Joint venture ii) TSB Own Fund iii) Covid CFLTC STSB.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്